**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 182** **23-01-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ജില്ലാ ആശുപത്രി വികസന പ്രവർത്തനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ മോർച്ചറിയും പോസ്റ്റ്മോർട്ടം ടേബിളും സജ്ജീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (എ) | ഉണ്ട്. പോസ്റ്റ്മോർട്ടം നടപടികൾ ആരംഭിക്കുന്നതിനായി പോസ്റ്റ്മോർട്ടം ചെയ്യുന്നതിനോട് അനുബന്ധിച്ച് ഉണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പിറ്റിന്റെ നിർമ്മാണം കിഫ്ബി വഴി പുരോഗമിച്ച് വരുന്നു. താത്കാലിക സംവിധാനം എന്ന വണ്ണം ആശുപത്രി വികസന സമിതി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പിറ്റിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പോസ്റ്റ്മോർട്ടം നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ